**POLICE** **KERALA** **DEPARTMENT**

**No. H2-28904/2019/ID**
District Police Office,
Idukki
✉spidk.pol@kerala.gov.in
✆04862232354
Dated. 14-11-2019

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം :- ശ്രീ. അമീർഷാ ഓ എം, CPO യു 3304 (170925) നെതിരെയുള്ള അച്ചടക്ക നടപടി - വാച്യാന്വേഷണം- തീർപ്പ് ഉത്തരവ് സംബന്ധിച്ചുള്ള കാരണം കാണിക്കൽ നോട്ടീസ് നല്കുന്നു.

വായന :- 1) ഈ ഓഫീസിലെ 23.3.2019 തീയതിയിലെ 245/2019/ID നമ്പർ ജില്ലാ ഉത്തരവും (A5(b)-4479/2019/ID) അനുബന്ധ രേഖകളും.

2) ഈ ഓഫീസിലെ 26.6.2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

3) ഇടുക്കി DCRB ഡിവൈഎസ്പി സമർപ്പിച്ച 5.11.2019 തീയതിയിലെ 413/പിആർ-01/DCRB/2019-ID നമ്പർ ശിക്ഷാ നടപടിക്കുറിപ്പുകൾ.

(H2/11/PR/2019-ID)

ശ്രീ. അമീർഷാ ഓ എം, സിവിൽ പോലീസ് ഓഫീസർ യു 3304 (170925) എന്ന താങ്കൾ ഇടുക്കി ഏ ആർ ക്യാമ്പിൽ പ്രവർത്തിയെടുത്ത് വരവെ, 21/11/2018 തീയതി മുതൽ അവധി അപേക്ഷ ജില്ലാ സായുധ സേന റിസർവ്വ് ഇൻസ്പെക്ടർക്കു സമർപ്പിച്ച് അവധിയിൽ പ്രവേശിക്കുകയും തുടർന്നു 17/2/2019 തീയതി വരെയുള്ള കാലത്തേക്ക് വിവിധ ഘട്ടങ്ങളായി അവധി അപേക്ഷകളും മെഡിക്കൽ സർട്ടിഫിക്കറ്റുകളും സമർപ്പിച്ച് അവധി ദീർഘിപ്പിച്ചിട്ടുള്ളതായും എന്നാൽ പ്രസ്തുത കാലയളവിന് ശേഷം 18/2/2019 തീയതി മുതൽ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ നാളിതു വരെ ജോലിയിൽ പ്രവേശിക്കാത്തതിനാൽ മേൽ സൂചന 1 പ്രകാരം താങ്കളെ 18.02.2019തീയതി മുതൽ സേനയിൽ നിന്നും ഒളിച്ചോടിയതായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.

അച്ചടക്ക സേനയിലെ ഉത്തരവാദിത്വപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ വളരെ കൃത്യനിഷ്ഠയോടും, അച്ചടക്കത്തോടും, ഉത്തരവാദിത്വത്തോടും മാന്യമായും ജോലി ചെയ്യുവാനും പൊതുജനങ്ങൾക്കും സേനയിലെ മറ്റംഗങ്ങൾക്കും മാതൃകയായി പ്രവർത്തിക്കുവാനും ബാധ്യസ്ഥനായ ശ്രീ. അമീർഷാ ഓ എം, CPO യു 3304 (170925) ന്റെ ഭാഗത്ത് നിന്നുണ്ടായ മേൽ പ്രവൃത്തി തികഞ്ഞ അച്ചടക്ക ലംഘനവും, സ്വഭാവ ദൂഷ്യവും, പോലീസ് സേനയുടെ അന്തസ്സിനും സൽപ്പേരിനും കളങ്കം ചാർത്തുന്നതുമാണെന്ന് പ്രഥമ ദൃഷ്ട്യാബോധ്യമാകയാൽ താങ്കൾക്കെതിരെയുള്ള മേൽപ്പറഞ്ഞ ആരോപണങ്ങളെക്കുറിച്ച് 1958-ആം ആണ്ടിലെ കേരളാ പോലീസ് വകുപ്പ് അന്വേഷണവും ശിക്ഷയും അപ്പീലും ചട്ടങ്ങളിലെ 6 ആം വകുപ്പ് പ്രകാരം വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷാനടപടികുറിപ്പുകൾ സമർപ്പിയ്ക്കുന്നതിന് ഈ ചട്ടങ്ങളിലെ 8(i)(iii) വകുപ്പ് പ്രകാരം ഡിസിആർബി DySP യെ ചുമതലപ്പെടുത്തികൊണ്ട് സൂചന 2 പ്രകാരം ഉത്തരവായിട്ടുള്ളതും അന്വേഷണ ഉദ്യോഗസ്ഥൻ നിയമപ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി സൂചന 3 പ്രകാരം ശിക്ഷാ നടപടിക്കുറിപ്പുകൾ തീർപ്പ് കൽപ്പിക്കുന്നതിന് സമർപ്പിച്ചിട്ടുള്ളതാണ്.

മേല്പറഞ്ഞ ശിക്ഷാ നടപടിക്കുറിപ്പുകളും അനുബന്ധരേഖകളും ഞാൻ വിശദമായി പരിശോധിച്ചു. താങ്കളുടെ ഭാഗത്തു

നിന്നുണ്ടായിട്ടുള്ള മേൽ പ്രവർത്തി തികഞ്ഞ അച്ചടക്ക ലംഘനവും, സ്വഭാവ ദൂഷ്യവും, പോലീസ് സേനയുടെ അന്തസ്സിനും സൽപ്പേരിനും കളങ്കം ചാർത്തുന്നതുമാണെന്നും, അച്ചടക്ക സേനയിലെ ഉത്തരവാദിത്വപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ നാളിതുവരെ ജോലിയിൽ തിരികെ പ്രവേശിക്കുവാൻ കൂട്ടാക്കാതെ നടക്കുന്ന താങ്കളുടെ നിരുത്തരവാദപരമായ സമീപനം സർക്കാർ ജീവനക്കാരൻറെ സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധവുമാണെന്നും ബോധ്യപ്പെട്ടിരിയ്ക്കുന്നു. വാച്യാന്വേഷണവേളയിൽ ശേഖരിച്ച സാക്ഷിമൊഴികളും മറ്റ് രേഖകളും സാഹചര്യത്തെളിവുകളും ഉന്നയിക്കപ്പെട്ട കുറ്റങ്ങളെല്ലാം താങ്കൾ ചെയ്തിട്ടുള്ളതായി സ്ഥാപിക്കുവാൻ പര്യാപ്തമാണ്. ആയതിനാൽ താങ്കൾക്കെതിരെയുള്ള മേൽപ്പറഞ്ഞ ആരോപിതകുറ്റങ്ങൾ തെളിയുന്നുണ്ടെന്നുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളോട് പൂർണ്ണമായും യോജിച്ചുകൊണ്ട് തെളിഞ്ഞിട്ടുള്ള കുറ്റത്തിനുള്ള ശിക്ഷയായി ആരോപണവിധേയനായ ശ്രീ. അമീർഷാ ഓ എം, സിവിൽ പോലീസ് ഓഫീസർ യു 3304 (170925) എന്ന താങ്കളെ സർവീസ്സിൽ നിന്നും നീക്കം ചെയ്യുവാൻ (Removal from service) ഞാൻ താത്കാലികമായി തീരുമാനിയ്ക്കുന്നു. ഈ താത്കാലികതീരുമാനം സ്ഥിരപ്പെടുത്താതിരിയ്ക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റുന്ന തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിയ്ക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ താങ്കളുടെ സമാധാനം ലഭിയ്ക്കുന്നില്ലായെങ്കിൽ ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിയ്ക്കുവാനില്ലായെന്നുള്ള നിഗമനത്തിൽ ഇനി മറ്റൊരറിയിപ്പ് കൂടാതെ മേല്പറഞ്ഞ താത്കാലികതീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിയ്ക്കുമെന്നറിയിയ്ക്കുന്നു.

Narayanan T IPS
District Police Chief

To : ശ്രീ. അമീർഷാ ഓ എം, സിവിൽ പോലീസ് ഓഫീസർ യു 3304 (170925) ന AC AR മുഖേന. ശിക്ഷാനടപടിക്കുറിപ്പുകളുടെ പകർപ്പ് സഹിതം

Copy To : AC AR ഇടുക്കി, പകർപ്പ് സഹിതം. ഒരു പകർപ്പ് ടിയാന് നല്കി മറുപകർപ്പിൽ തീയതിയോടുകൂടിയ ലക്ഷ്യം വാങ്ങി മടക്കി നല്കേണ്ടതാണ്.